Page 1 of 1

## ഹോമിയോ മെഡിക്കൽ ഓഫീസർ തസ്തികയിലെ ഒഴിവുകൾ

118 (2403) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോമിയോ മെഡിക്കൽ ഓഫീസർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം പ്രസ്തുത തസ്തികയുടെ എണ്ണം കൂട്ടിയിട്ടുണ്ടോ ; പുതിയ തസ്തികയുടെ എണ്ണം കൂട്ടുന്നത് സംബന്ധിച്ച് ഏതെങ്കിലും ഫയൽ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ നിലവിൽവന്നശേഷം എത്രപേർക്ക് പ്രസ്തുത തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത തസ്തികയിലേക്കുള്ള ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനും അവ നികത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) 10 ഒഴിവുകൾ.

(ബി) ഉണ്ട്. 61 മെഡിക്കൽ ഓഫീസർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഉണ്ട്. പരിശോധിച്ചുവരുന്നു.

(സി) 110 പേർക്ക് പി.എസ്.സി. മുഖാന്തിരം വിവിധ ജില്ലകളിൽ നിയമനം നൽകിയിട്ടുണ്ട്.

(ഡി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ആചാരസ്ഥാനീയർക്കും കോലധാരികൾക്കും നൽകിവരുന്ന പെൻഷൻ

119 (2404) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉത്തര മലബാറിലെ ക്ഷേത്രങ്ങളിലെ ആചാരസ്ഥാനീയർക്കും കോലധാരികൾക്കും നൽകിവരുന്ന സാമ്പത്തിക സഹായത്തിൽ എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ടെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത കുടിശ്ശിക നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; കുടിശ്ശിക എന്ന് നൽകാൻ സാധിക്കും എന്ന് അറിയിക്കാമോ ;

(സി) മറ്റ് സാമൂഹ്യ പെൻഷനുകൾ വർദ്ധിപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത തുക വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കാമോ ?



LIBRARY ARCHIVES Kerala Legislative Assembly